ഉത്തരം

(എ) 2003 മാർച്ച് 31 വരെ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടേയും പി. ഡി. അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ശേഷിച്ച് ക്യാരി ഫോർവേഡ് ചെയ്ത 842.56 കോടി രൂപ സർക്കാർ മരവിപ്പിച്ചിട്ടുണ്ട്.

(ബി) നിർത്തലാക്കിയിട്ടുണ്ട്.

(സി) 842.56 കോടി രൂപ.

(ഡി) ഇല്ല. നിർത്തലാക്കിയ പി. ഡി. അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന നോൺ പ്ലാൻ ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക എന്നിവ മാറ്റം ചെയ്യുവാൻ 9-7-2003-ലെ ഉത്തരവിൽ തന്നെ വ്യവസ്ഥയുണ്ട്. സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക ചട്ടങ്ങളനുസരിച്ച് ഓരോ വർഷത്തെയും പദ്ധതി വിഹിതം ആ വർഷം തന്നെ ചെലവഴിക്കേണ്ടതാണ്. ഈ തത്വം അനുസരിച്ച് പി.ഡി. അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന പ്ലാൻ ഫണ്ടുകൾ മാറ്റം ചെയ്യുവാൻ നിർവ്വാഹമില്ല.

ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടുകൾ മരവിപ്പിച്ച നടപടി

81 [799] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടുകളും, ബാങ്ക് അക്കൗണ്ടുകളും മരവിപ്പിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടുകളാണ് കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ മരവിപ്പിച്ചിട്ടുള്ളതെന്ന് അറിയാമോ;

(സി) അക്കൗണ്ടുകൾ മരവിപ്പിച്ചതുമൂലം ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന ഭരണം സ്തംഭിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണ സ്തംഭനം നീക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ആർ.ഡി.ബി.-യിൽ നിന്ന് വായ്പ എടുത്തത് തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനും, സ്വത്ത് ജപ്തി ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly